"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരിന്തൽമണ്ണ നഗരസഭ- ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്ന പ്രവൃത്തി -നിരക്കും കരാറുകാരനെയും സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt) No.1570/2020/LSGD തീയതി,തിരുവനന്തപുരം, 24/08/2020

പരാമർശം:- 1 ബഹു. നിയമസഭാ സ്പീക്കർ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുതൽപേരുടെ സാന്നിദ്ധ്യത്തിൽ 02/07/2019-ന് നടന്ന യോഗത്തിന്റെ നടപടി കുറിപ്പ്.

2 06/08/2020-ലെ പെരിന്തൽമണ്ണ നഗരസഭാ ചെയർമാന്റെ പി.ഡബ്ല്യൂ. 1-4771/03(1) നമ്പർ കത്ത്.

**ഉത്തരവ്**

പെരിന്തൽമണ്ണ നഗരസഭ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് പരാമർശം 1-ലെ 02/07/2019-ന് ചേർന്ന യോഗത്തിന്റെ നടപടികുറിപ്പിന്റെ അടിസ്ഥാനത്തിൽ അന്ന് നിലവിൽ എഗ്രിമെന്റ് വെച്ച പ്രവൃത്തികൾക്ക് അതേ നിരക്ക് തന്നെയും (ഡി.എസ്.ആർ 2014 നിരക്ക്) ടെണ്ടർ ബിലോ 5.1% കിഴിച്ചും 3.5% ജി.എസ്.ടി കോംപൻസേഷൻ നൽകുന്നതിനും അധികമായി ചെയ്യുന്ന പ്രവൃത്തികൾക്ക് ഇപ്പോഴത്തെ ഡി.എസ്.ആർ നിരക്കും (ഡി.എസ്.ആർ 2016) ടെണ്ടർ ബിലോ 5.1% കിഴിച്ചും അതിനോടൊപ്പം 18 % ജി.എസ്.ടി കൂടി നൽകുന്നതിനും കൗൺസിൽ തീരുമാന പ്രകാരം നിലവിലെ കരാറുകാരനെക്കൊണ്ട് തന്നെ പ്രവൃത്തി നടപ്പിലാക്കുന്നതിനും അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

മേൽ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് സാങ്കേതിക അനുമതിയിൽ തുക കണക്കാക്കിയിട്ടുള്ളത് എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ചെയർമാൻ, പെരിന്തൽമണ്ണ നഗരസഭ.

സെക്രട്ടറി, പെരിന്തൽമണ്ണ നഗരസഭ.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ